പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

## ഗ്രാമീണ റോഡുകളുടെ നവീകരണം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 285 | 23.03.2015 ൽ മറുപടിക്ക്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| ശ്രീ. ബി.ഡി.ദേവസ്സി<br>'' കോലിയക്കോട് എൻ.കൃഷ്ണൻ നായർ<br>'' സി.കൃഷ്ണൻ<br>'' കെ.കുഞ്ഞിരാമൻ (ഉദുമ) | | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി) |
| (എ) | ഗ്രാമീണ റോഡുകളുടെ നവീക രണം ലക്ഷ്യമിട്ട് ആവിഷ്കരിച്ച പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജനയുടെ ഒന്നാം ഘട്ടത്തിന് അനുവദിച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (എ) | പി.എം.ജി.എസ്.വൈ ഒന്നാം ഘട്ടത്തിൽ 8 ഫേസുകളിലായി 3348.519 കി.മീ ദൈർഘ്യം വരുന്ന 1513.90 കോടി രൂപ അടങ്കലിൽ 1430 റോഡുകൾക്ക് കേന്ദ്രസർക്കാരിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. 100% കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇതിൽ ഉൾപ്പെടുത്തി ടി റോഡുകൾ പൂർത്തീകരിക്കുന്നതിനായി കേന്ദ്ര സർക്കാർ 839.21 കോടി രൂപ നാളിതുവരെ അനുവദിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ ടി റോഡുകളുടെ പൂർത്തീകരണത്തിനായി 314 കോടിരൂപ അധികമായി അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പിനായി ആകെ 898.41 കോടി രൂപ ലഭ്യമാണ്. ഈ പദ്ധതി പ്രകാരം സംസ്ഥാനത്ത് 2015 ഫെബ്രുവരി വരെ 881.76 കോടിരൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | നിലവിൽ ഉപയോഗിച്ച ഫണ്ട് ശതമാന കണക്കിൽ ലഭ്യമാക്കാമോ; | (ബി) | പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരം സംസ്ഥാനത്ത് ലഭിച്ച തുകയുടെ 98.15 ശതമാനം ചെലവഴിച്ചിട്ടുണ്ട്. |
| (സി) | പദ്ധതിയുടെ രണ്ടാംഘട്ടത്തി നായി സംസ്ഥാന സർക്കാർ വിശദമായ പദ്ധതി രേഖാ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (സി) | പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ (PMGSY-II) ഇപ്പോൾ ഒരു റോഡിനും അനുമതി ലഭിച്ചിട്ടില്ല. പി.എം.ജി.എസ്.വൈയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി 570 കി.മീ ദൈർഘ്യം വരുന്ന റോഡുകളുടെ പാക്കേജ് സമർപ്പിക്കുന്നതിനുള്ള അനുമതി കേന്ദ്ര സർക്കാരിൽ നിന്നും നേടിയിട്ടുണ്ട്. 75:25 (75 കേന്ദ്രം 25 സംസ്ഥാനം) എന്ന അനുപാതത്തിലാണ് ഈ പദ്ധതിയ്ക്ക് കേന്ദ്ര സർക്കാർ ഫണ്ട് അനുവദിക്കുന്നത്. ഇപ്രകാരം പാക്കേജുകൾ തയ്യാറാക്കുന്നതിനുള്ള നടപടിയുടെ മുന്നോടിയായി ഡിസ്ട്രിക്ട് റൂറൽ |

| | | | |
|---|---|---|---|
| | | | റോഡ്സ് പ്ലാൻ (DRRP) ജി.ഐ.എസ്.പ്ലാറ്റ് ഫോമിൽ തയ്യാറാക്കി അംഗീകാരം നേടേണ്ടതുണ്ട്. ഇതിനോടകം തന്നെ 14 ജില്ലകളുടെയും ഗ്രാമീണ റോഡുകളുടെ പ്ലാനുകൾ (DRRP) ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുടെ അംഗീകാരം നേടിയിട്ടുണ്ട്. |
| (ഡി) | സമർപ്പിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ? | (ഡി) | പി.എം.ജി.എസ്.വൈ –II പ്രകാരം റോഡുകൾ തിരഞ്ഞെടുക്കുന്നതിന് മുന്നോടിയായി ജി.ഐ. എസ്സ് പ്ളാറ്റ് ഫോമിൽ ജില്ലാതലത്തിൽ ഗ്രാമീണ റോഡുകളുടെ പ്ളാനുകൾ ((DRRP) Map in GIS – Platform ൽ) ) തയ്യാറാക്കി ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുടെ അംഗീകാരം വാങ്ങേണ്ടതുണ്ട്. ഇതിനോടകം തന്നെ 14 ജില്ലകളുടെയും ഗ്രാമീണ റോഡുകളുടെ പ്ലാനുകൾ (DRRP) ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുടെ അംഗീകാരം നേടിയിട്ടുണ്ട്. ഇനി ഗ്രാമീണ റോഡുകളുടെ പ്ലാനുകൾ, ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സ്റ്റേറ്റ് ലെവൽ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തുടർ നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തീ കരിക്കുന്നതിന് അടിയന്തിര നടപടി ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ